LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂൺ 30, ബുധൻ

നിയമസഭ 1999 ജൂൺ മാസം 30-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ .....

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്കു അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ചോദ്യം നമ്പർ 207.

1 (*207) വനസമ്പത്ത് സംരക്ഷിക്കുവാൻ നടപടി

ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനസമ്പത്ത് സംരക്ഷിക്കുന്നതിന് ലോകബാങ്ക് സഹായത്തോടെയുള്ള ഏതൊക്കെ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന് പുതുതായി കടുവാ സംരക്ഷണ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്ക് ധനസഹായം നൽകുന്നത് ലക്ഷ്യമിട്ടുകൊണ്ട് വനം മന്ത്രിയുടെ ദുരിതാശ്വാസനിധിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ലോക ബാങ്ക് സഹായത്തോടെ കേരളത്തിലെ വനസമ്പത്ത് സംരക്ഷിക്കുന്നതിന് 2 പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

(1) 1998 മുതൽ 4 വർഷംകൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 192.39 കോടി രൂപ മുതൽമുടക്കുള്ള കേരളാ ഫോറസ്ട്രി പ്രോജക്ട്.

(2) തേക്കടി കടുവാ സംരക്ഷണകേന്ദ്രത്തിൽ 1996 മുതൽ 5 വർഷം കൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന 40.54 കോടി രൂപ മുതൽമുടക്കുള്ള ഇൻഡ്യ ഇക്കോ ഡെവലപ്മെന്റ് പദ്ധതി.

(ബി)&(സി) അനുമതി ലഭിച്ചിട്ടില്ല.

(ഡി)&(ഇ) വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് യഥാസമയം ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വനംമന്ത്രിയുടെ ദുരിതാശ്വാസനിധിക്ക് (ഫോറസ്റ്റ് മിനിസ്റ്റേഴ്സ് റിലീഫ് ഫണ്ട്) രൂപം നൽകണമെന്ന് സംസ്ഥാന വന്യജീവി ഉപദേശകസമിതി ഒരു നിർദ്ദേശം വച്ചിട്ടുണ്ട്. വിശദമായ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ശ്രീ. കെ.എം. മാണി : വനത്തിൽനിന്ന് വ്യാപകമായി ചന്ദനത്തടികൾ വെട്ടി നശിപ്പിക്കപ്പെടുന്നു. ചന്ദനവും ചന്ദനതൈലവും വനോൽപ്പന്നമാണെന്ന് സുപ്രീം കോടതി വിധിച്ചിട്ടുള്ള സ്ഥിതിക്ക് ചന്ദനത്തടി വെട്ടി തൈലമാക്കുന്ന ഫാക്ടറികളെ സംബന്ധിച്ചിടത്തോളം അത് നിരോധിക്കണമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ഡോ : എ. നീലലോഹിതദാസൻ നാടാർ : വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടുവരുകയാണ്. അതുസംബന്ധമായ തീരുമാനമെടുക്കാം; വേണ്ടിവന്നാൽ നിയമനിർമ്മാണവും നടത്താം.

ശ്രീ. കെ.എം. മാണി : വനസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി വനത്തിൽത്തന്നെ സാമൂഹ്യ വനവൽക്കരണ പരിപാടി തിരുവനന്തപുരം ഡിവിഷനിലൊക്കെ ഗവൺമെന്റ് ആരംഭിച്ചുവെന്ന് കേൾക്കുകയുണ്ടായി. പക്ഷേ വനവൽക്കരണ പരിപാടിയുടെ ഭാഗമായി അടിക്കാടുകൾ മുഴുവനും വെട്ടുകയാണ്. അടിക്കാടുകൾ വെട്ടി നമ്മുടെ വിലപിടിപ്പുള്ള സസ്യസമ്പത്തുകളൊക്കെ നശിപ്പിക്കുന്നത് തീർച്ചയായും വനനശീകരണത്തിനു തുല്യമല്ലേ; അതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാകുമോ; എന്താണ് ഗവൺമെന്റിന്റെ നിലപാട്; അതിനെക്കുറിച്ച് വിശദമാക്കുമോ?

ഡോ : എ. നീലലോഹിതദാസൻ നാടാർ : Compensatory afforestation സംസ്ഥാന ഗവൺമെന്റ് കൈക്കൊണ്ട നയപരമായ തീരുമാനത്തിന്റെ ഭാഗമായിട്ടുള്ളതാണ്. 1977-നുമുൻപുള്ള കുടിയേറ്റങ്ങൾ സ്ഥിരീകരിച്ചു കൊടുക്കുന്നതിന്റെ ഭാഗമായി പകരം മരങ്ങൾ വച്ചു പിടിപ്പിക്കുകയെന്നുള്ളത് ഈ പദ്ധതികളിൽ നടപ്പാക്കേണ്ടി വന്നിരിക്കുകയാണ്. അതിനെ സംബന്ധിച്ചാണ് ചില സംശയങ്ങൾ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. അടിക്കാടുകൾ വെട്ടിയിട്ട് അവിടെ പുതിയ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, കേരളത്തിൽ ഒരു കടുവാ പ്രോജക്ടുകൂടി അനുവദിക്കുമെന്ന് പറഞ്ഞു. ആ പ്രോജക്ട് രൂപീകൃതമായോ; അത് എവിടെയെങ്കിലും തുടങ്ങിയോ; അത് എവിടെയാണ് തുടങ്ങാൻ ആഗ്രഹിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ : എ. നീലലോഹിതദാസൻ നാടാർ : കേരളത്തിൽ ചില കടുവാ പ്രോജക്ടുകളുടെ നിർദ്ദേശംകൂടി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ ഒന്നാണ് പറമ്പിക്കുളം ഷോളയാർ ടൈഗർ റിസർച്ച് പ്രോജക്ട്. അതിനെക്കുറിച്ച് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടില്ല.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായവർക്ക് ധനസഹായം കൊടുക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ പേരിൽ ഒരു ദുരിതാശ്വാസ ഫണ്ട് ആരംഭിക്കുമെന്ന് സൂചിപ്പിച്ചിരുന്നു. മുഖ്യമന്ത്രിയാണ് ഇത് പറഞ്ഞത്. അത് ആരംഭിച്ചോ; അത് ആരംഭിച്ചാൽ അതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ്; അത് എവിടെ ചോദിച്ചാലാണ് കിട്ടുന്നത്; ആർക്കാണ് അപേക്ഷിക്കേണ്ടത്? സാധാരണ അപകടങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിൽ നിന്നാണ് സഹായം കൊടുക്കുന്നത്. വന്യമൃഗങ്ങൾ കടിക്കുകയോ ഉപദ്രവിക്കുകയോ ചെയ്താൽ അതിന് വനം വകുപ്പു മന്ത്രിയാണോ കൊടുക്കുന്നത്; അത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

ഡോ : എ. നീലലോഹിതദാസൻ നാടാർ : അത് (സി) യുടേയും (ഇ) യുടേയും ഉത്തരത്തിൽ ഞാൻ പറഞ്ഞു. വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വനം വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിക്ക് (Forest Minister's Fund) രൂപം നൽകണമെന്ന് വന്യമൃഗ ഉപദേശക സമിതി നിർദ്ദേശം വച്ചിട്ടുണ്ട്. വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുകയോ ജീവഹാനി സംഭവിക്കുകയോ അംഗഭംഗം സംഭവിക്കുകയോ വീട്, കൃഷി എന്നിവയ്ക്ക് നാശനഷ്ടം സംഭവിക്കുകയോ ചെയ്യുന്നവർക്ക് 1980-ലെ സർക്കാർ ഉത്തരവുപ്രകാരം താഴെപ്പറയുന്ന രീതിയിലാണ് ദുരിതാശ്വാസം നൽകുന്നത്. ജീവഹാനി സംഭവിച്ചവരുടെ കുടുംബാംഗങ്ങൾക്ക് 10,000 രൂപ, അംഗഭംഗം സംഭവിച്ചവർക്ക് 5,000 രൂപ, വീട്, കൃഷി, കന്നുകാലികൾ തുടങ്ങിയവയുടെ നാശനഷ്ടത്തിന് 75 ശതമാനമോ പരമാവധി 5,000 രൂപയോ നിയമപ്രകാരം വനഭൂമിയിൽ താമസിക്കുന്നവർക്ക് നൽകുന്നു. ഇതിൽ ജീവഹാനി സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് നൽകിവരുന്ന 10,000 രൂപായെന്നത് 15,000 രൂപയും അംഗഭംഗം സംഭവിച്ചവർക്ക് നൽകിവരുന്ന 5,000 രൂപായെന്നത് 10,000 രൂപയും വീട്, കൃഷി, കന്നുകാലി തുടങ്ങിയവയുടെ നാശനഷ്ടങ്ങൾക്ക് നൽകി വരുന്ന 5,000 രൂപ 10,000 രൂപയും ആയി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ സജീവമായി പരിഗണിച്ചുവരുകയാണ്.

ശ്രീ. മാമ്മൻ മത്തായി : സർ, വന്യസമ്പത്ത് സംരക്ഷിക്കുന്നതിന് വിപുലമായ പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കുന്നുവെന്ന് പറയുമ്പോഴും വനഭൂമിയും വനസമ്പത്തും നശിപ്പിക്കുന്നവർക്കെതിരെ നടപടി എടുക്കാതിരിക്കുന്ന ഒരു അനുഭവമാണ് നമുക്ക് കാണാൻ കഴിയുന്നത്. സർക്കാരിന് 15 കോടി രൂപയിലേറെ നഷ്ടം വരുത്തിക്കൊണ്ട് നോർത്ത് വയനാട് ബ്രഹ്മപുരി എസ്റ്റേറ്റിനോട് ചേർന്നുള്ള റിസർവ് വനത്തിന്റെ 121 ഹെക്ടർഭൂമി സ്വകാര്യ എസ്റ്റേറ്റ് ഉടമ കയ്യേറിയ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിജിലൻസ് ചീഫ് കൺസർവേറ്റർ 1996 സെപ്റ്റംബർ, 3-ാം തീയതി സർക്കാരിന് റിപ്പോർട്ട് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ റിപ്പോർട്ടിൽ ഗുരുതരമായ വീഴ്ച വരുത്തിയ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; സ്വീകരിച്ചില്ലെങ്കിൽ നടപടി സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ : എ. നീലലോഹിതദാസൻ നാടാർ : അങ്ങനെ ഒരു റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൽ ഉദ്യോഗസ്ഥൻമാരുടെ റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്തിട്ടില്ല. അതിനെ സംബന്ധിച്ച് വിശദമായി വീണ്ടും അന്വേഷണം നടത്തിവരുന്നു.

ശ്രീ. മാമ്മൻ മത്തായി : ലോക ബാങ്കിന്റെ സഹായത്തോടെ കേരള വനവൽക്കരണ പദ്ധതി 1998 ജൂലൈയിൽ തുടങ്ങുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. കേന്ദ്രഗവൺമെന്റിൽനിന്ന് മേൽപ്പറഞ്ഞ പദ്ധതിക്ക് എത്ര രൂപയുടെ സഹായം ഇതുവരെ ലഭിച്ചിട്ടുണ്ട്; ഈ പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഡോ : എ. നീലലോഹിതദാസൻ നാടാർ : കേരളാ ഫോറസ്ട്രി പ്രോജക്ടിന് മൊത്തം അടങ്കൽ തുക 182.39 കോടി രൂപയാണ്. ഇതിൽ 152.10 കോടി രൂപ ലോകബാങ്ക് ധനസഹായമായി നൽകുന്നതാണ്, ഈ തുക ഭാരത സർക്കാർ 2008 മുതൽ 2033 വരെ അർദ്ധ വാർഷിക ഗഡുക്കളായി അടയ്ക്കേണ്ടതാണ്. ലോക ബാങ്ക് നൽകുന്ന തുകയ്ക്ക് 0.75 ശതമാനം സർവ്വീസ് ചാർജ്ജ് ലോക ബാങ്ക് ഈടാക്കുന്നതാണ്. കൂടാതെ കരാർ പ്രകാരമുള്ള തുകയും വാങ്ങാത്ത തുകയ്ക്ക് 0.5 ശതമാനത്തിൽ കവിയാതെയുള്ള തുക കമ്മിറ്റുമെന്റ് ചാർജായി നൽകാനും വ്യവസ്ഥയുണ്ട്. ഇപ്രകാരം ലോകബാങ്കിൽ നിന്നും നൽകുന്ന സഹായം ഭാരതസർക്കാർ പദ്ധതിയിനത്തിൽ ഉൾക്കൊള്ളിച്ച് ഭാരത സർക്കാരും സംസ്ഥാനസർക്കാരും തമ്മിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി കേരള സർക്കാരിന് നൽകുന്നതാണ്.

ശ്രീ. സി. എഫ്. തോമസ് : ഇതുവരെ രണ്ട് സ്കീം ഉണ്ടെന്നു പറഞ്ഞു. ലോകബാങ്കിന്റെ സഹായമാണ് രണ്ട് പദ്ധതിക്കും ഉള്ളത്. ഇതുവരെ ലോക ബാങ്കിൽനിന്നും എന്ത് ലഭിച്ചു; നമ്മുടെ സംസ്ഥാന സർക്കാർ അതിന്റെ ഭാഗമായിട്ട് എന്ത് ചെലവഴിച്ചു? 1996-ലെ സ്കീമിനും 1998-ലെ സ്കീമിനും പലിശ കൊടുക്കണമെന്ന് പറയുന്നു. അങ്ങനെയാണെങ്കിൽ അനുവദിച്ച സ്കീമുകൾക്ക് പണം വാങ്ങിച്ചിട്ടില്ലെങ്കിലും പലിശ കൊടുക്കണമെന്ന് പറയുന്നത് വളരെ ക്രൂരമാണ്.

ഡോ : എ. നീലലോഹിതദാസൻ നാടാർ : വരവിനകത്തു നിന്നു കൊണ്ട് ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ഒരു സാമ്പത്തിക വർഷത്തിലേത് അടുത്ത സാമ്പത്തികവർഷത്തിലേക്ക് ക്യാരി ഓവർ ചെയ്യുന്നു; അങ്ങനെ ചെലവഴിക്കുന്നുണ്ട്. അതിൽ യാതൊരു പ്രശ്നവുമില്ല.

ശ്രീ. സി. എഫ്. തോമസ് : ഇവിടെ പറഞ്ഞത് 10,000 രൂപ എന്നത് വർദ്ധിപ്പിക്കാമെന്നാണ്. ഫോറസ്റ്റ് മിനിസ്റ്റേഴ്സ് റിലീഫ് ഫണ്ട് രൂപീകരിച്ചിട്ടില്ലായെന്നും പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇപ്പോൾ ഏത് നിധിയിൽ നിന്നാണ് ഈ തുക കൊടുക്കുന്നത്; അത് വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ കഴിയുമോ; മറ്റുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളിലും അപകടമരണങ്ങൾക്ക് കൊടുക്കുന്ന കോമ്പൻസേഷൻ തുക വർദ്ധിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായും ഈ തുക കുറച്ചുകൂടി വർദ്ധിപ്പിച്ചുകൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : അതുസംബന്ധിച്ച നടപടികൾ കഴിയുന്നത്ര ദ്രുതഗതിയിൽ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കണാരൻ : സർ, വനസമ്പത്ത് സംരക്ഷിക്കുന്നതിന്റെ പേരിൽ വനത്തിന്റെ ഉടമകളായ ആദിവാസികൾക്ക് വനവിഭവങ്ങളായ തേൻ, കുന്തിരിക്കം, കുറുന്തോട്ടി, ശതാവരിക്കിഴങ്ങ് തുടങ്ങിയവയൊക്കെ കാട്ടിൽ നിന്നും യഥേഷ്ടം ശേഖരിക്കുന്നതിനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. എന്നാൽ കടലിന്റെ മക്കളായ മൽസ്യത്തൊഴിലാളികൾക്ക് കടലിൽനിന്നുള്ള മൽസ്യസമ്പത്ത് ഇഷ്ടംപോലെ ശേഖരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. കടലിന്റെ മക്കൾ കടലിൽ അവരുടെ ഇഷ്ടംപോലെ സഞ്ചരിച്ച് മൽസ്യബന്ധനം നടത്തി ആ വിധത്തിൽ പണം സ്വരൂപിച്ച് ഉപജീവനം നടത്തിവരികയാണ്. അവർക്ക് മൽസ്യങ്ങളെ ഇഷ്ടംപോലെ പിടിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അതുപോലെ നമ്മുടെ വനത്തിന്റെ മക്കളായ ആദിവാസികൾക്ക് അവരുടെ ഉപജീവനത്തിനുവേണ്ടി കാട്ടിലെ വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള സ്വാതന്ത്ര്യം നല്കുമോ; കാട്ടിൽനിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾ യഥേഷ്ടം വിറ്റ് ഉപജീവനം നടത്തുന്നതിനുള്ള സ്വാതന്ത്ര്യം വനത്തിന്റെ മക്കളായ ആദിവാസികൾക്കും നല്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : കടലിന്റെ മക്കൾക്ക് കടലിലുള്ള അതേ സ്വാതന്ത്ര്യം കാടിന്റെ മക്കളെന്ന നിലയിൽ ആദിവാസികൾക്കുമുണ്ടാകണമെന്ന നയംതന്നെയാണ് ഗവൺമെന്റിനുള്ളത്. എസ്.സി/എസ്.റ്റി. സൊസൈറ്റീസ് ഫെഡറേഷൻ മുഖാന്തിരമാണ് വനവിഭവങ്ങൾ ശേഖരിച്ചുവരുന്നത്. ആ ഫെഡറേഷനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സൊസൈറ്റികളുണ്ട്. അപ്പോൾ ആദിവാസികൾക്ക് തന്നെയാണ് ഇക്കാര്യത്തിൽ മുൻതൂക്കം ഗവൺമെന്റ് നല്കിയിട്ടുള്ളത്.

ശ്രീ. കെ.എ. ചന്ദ്രൻ : പറമ്പിക്കുളം വന്യമൃഗ സംരക്ഷണകേന്ദ്രത്തെ കടുവ സംരക്ഷണ പ്രോജക്ടായി അംഗീകരിക്കാൻ ശുപാർശ ചെയ്തിട്ടുണ്ടെന്ന് അറിയുന്നതിൽ വളരെ സന്തോഷമുണ്ട്. പറമ്പിക്കുളം വന്യമൃഗസംരക്ഷണകേന്ദ്രത്തിനടുത്ത് ആദിവാസികൾ മാത്രമാണ് താമസിക്കുന്നത്. അവിടെ വന്യമൃഗങ്ങളുടെ ശല്യംകൊണ്ട് മരണവും മറ്റ് അപകടങ്ങളും ഉണ്ടാവുക സർവ്വസാധാരണമാണ്. 1-4-1999-ന് കച്ചിത്തോട്ടിൽവച്ച് അയ്യപ്പൻ എന്ന ആദിവാസിയെ ആന ചവിട്ടിക്കൊന്നു. ഏതാനും മാസംമുമ്പ് കണ്ണൻ എന്ന ആദിവാസിയെ കരടി ആക്രമിച്ചതു കാരണം അയാളുടെ കണ്ണ് പോകാനിടയായി. ഇങ്ങനെയുള്ള അനിഷ്ടസംഭവങ്ങളുണ്ടാകുന്നുണ്ട്. അവർക്ക് യഥാസമയം സാമ്പത്തികസഹായവും അവരുടെ ആശ്രിതർക്ക് ജോലിയും നല്കാനുള്ള നടപടിയുണ്ടാകണം. ഇന്ന് അക്കാര്യത്തിൽ കാലതാമസമുണ്ടാകുന്നുണ്ട്. ഈ സഹായത്തിനായി സർവ്വശ്രീ. ദാമോദരൻ, അശോകൻ, എന്നീ രണ്ട് ആളുകളുടെ അപേക്ഷ 1988 മുതൽ പെൻഡിംഗിലാണ്. അവരുടെ ആശ്രിതർക്ക് ജോലി കൊടുക്കുന്നതിനുള്ള അപേക്ഷകളിൻമേൽ യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഇക്കാര്യങ്ങളിൽ അടിയന്തിര നടപടി ഉണ്ടാക്കുന്നതിന് വേണ്ടത് ചെയ്യുവാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : 1995-96 കാലയളവിൽ No. of cases and compensation paid for the injury sustained. 20 പേർക്കായിട്ട് 24,850 രൂപ കൊടുത്തിട്ടുണ്ട്. No. of cases and compensation paid for crop damage 325 പേർക്കായി ...

മി. സ്പീക്കർ : അത് ഒരു സ്പെസിഫിക് ക്വസ്റ്റ്യനല്ല. അതുകൊണ്ട് അതേക്കുറിച്ച് കൂടുതലായിട്ട് വിശദീകരിക്കേണ്ടതില്ല.

ഡോ. എ. നീലലോഹിതദാസൻ നാടാർ : പ്രത്യേക ചോദ്യമായി എഴുതിത്തന്നാൽ അതേക്കുറിച്ച് വിശദമായ വിവരം നല്കാം. വന്യമൃഗങ്ങളുടെ ശല്യംമൂലം അപകടം സംഭവിച്ചിട്ടുള്ളവർക്കും കോമ്പൻസേഷൻ കൊടുക്കുന്നുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അമാന്തമൊന്നും കാണിച്ചിട്ടില്ല. ഈ സ്പെസിഫിക് കേസ്സിനെ സംബന്ധിച്ച് എനിക്ക് എഴുതിത്തരികയാണെങ്കിൽ മറുപടി വിശദമായി പറയാം.

ശ്രീ. കെ. പ്രകാശ് ബാബു : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചന്ദ്രേട്ടന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത്, ദുരിതാശ്വാസനിധിയിൽനിന്ന് സാമ്പത്തികസഹായം അവർക്ക് കൊടുക്കുന്നുണ്ടെന്നാണ്. ഞാൻ തന്നെ കഴിഞ്ഞ നിയമസഭാസമ്മേളനക്കാലത്ത് സബ്മിഷനായിട്ട് ഉന്നയിച്ച ഒരുകാര്യമാണ് എന്റെ പ്രദേശത്ത് ആന ചവിട്ടി മരണപ്പെട്ട ഒരാളിന്റെ കേസ്സ്. അതുപോലെ തന്നെ കാട്ടുപന്നിയെ തേറ്റകൊണ്ടെറിഞ്ഞതുകൊണ്ട് 9-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി കൊല്ലപ്പെട്ട കേസ്സുമുണ്ട്. ആ കേസ്സുകളിലൊന്നും അവരുടെ കുടുംബത്തിന് ലഭിക്കേണ്ടതായ സാമ്പത്തികസഹായം കൊടുത്തിട്ടില്ല. ഞാനിത് പറയാൻ കാരണം അവർക്ക് സാമ്പത്തികസഹായം കൊടുക്കുന്നതിനായി ദുരിതാശ്വാസനിധി ഉണ്ടെങ്കിൽത്തന്നെയും ആ സാമ്പത്തികസഹായം അവർക്ക് കൃത്യമായി കൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ദുരിതാശ്വാസനിധിയിൽനിന്നും ഈ സഹായം കൊടുക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; അതുപോലെ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ അന്വേഷണറിപ്പോർട്ട് ലഭിച്ചാലുടൻ തന്നെ ആ സാമ്പത്തികസഹായം കൊടുക്കുന്നതിന് വേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ദുരിതാശ്വാസ നിധി രൂപീകരിച്ചുകഴിഞ്ഞിട്ടില്ല. ഇപ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അത്തരം കേസ്സുകൾ നേരിട്ട് കൈകാര്യം ചെയ്യുകയാണ്. അത് റിപ്പോർട്ട് ലഭിച്ചാൽ ഉടൻതന്നെ കൊടുക്കുന്നുണ്ട്. ഏതെങ്കിലും കേസ്സിൽ അത് കൊടുത്തിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടൻതന്നെ അവർക്ക് ആ തുക കൊടുക്കാൻവേണ്ട സംവിധാനം ചെയ്യാം.

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, നമ്മുടെ സംസ്ഥാനത്ത് വന്യമൃഗസംരക്ഷണത്തിന്റെ ഭാഗമായിട്ട് വന്യമൃഗങ്ങളുടെ സെൻസസ്സ് എടുക്കുന്ന സമ്പ്രദായമുണ്ട്. ആ സെൻസസ്സ് എന്നാണ് അവസാനമായിട്ട് എടുത്തത്; അതിൽ കടുവകളുടെ എണ്ണം എത്രയാണെന്ന് ഒന്ന് വെളിപ്പെടുത്തുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : വയനാട് ആന്റ് അഡ്ജസെന്റ് ഏരിയാസ്-9 കടുവകളും രണ്ട് കുട്ടികളുമുണ്ട്. അങ്ങനെ അവിടെ 11 കടുവകളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. നിലമ്പൂർ ആന്റ് അഡ്ജസെന്റ് ഏരിയാസ്-2 കടുവകളും ഒരു കുട്ടിയും, അങ്ങനെ മൂന്നെണ്ണമുണ്ട്. സൈലന്റ്വാലി, ആന്റ് അഡ്ജസെന്റ് ഏരിയാസ് -2 കടുവകളും ഒരു കുട്ടിയും അങ്ങനെ മൂന്നെണ്ണമുണ്ട്. പറമ്പിക്കുളം ആന്റ് അഡ്ജസെന്റ് ഏരിയാസ്-14 കടുവകളും 2 കുട്ടികളും, അങ്ങനെ 16 എണ്ണമുണ്ട്. പെരിയാർ, റാന്നി, കോന്നി ആന്റ് അഡ്ജസെന്റ് ഏരിയാസ്-27 കടുവകളും 13 കുട്ടികളും ഉണ്ട്. അങ്ങനെ മൊത്തം 40 എണ്ണം അവിടെയുണ്ട്. ഇതാണ് അവസാനമായിട്ട് കിട്ടിയിട്ടുള്ള കണക്ക്.

ശ്രീ. രാജു എബ്രഹാം : സർ, കേരളത്തിൽ സിംഹം, ഒട്ടകം എന്നിവ ഒഴിച്ചുള്ള എല്ലാ മൃഗങ്ങളുമുള്ള പച്ചക്കാനം, ഗവി, ശബരിമല, മൂഴിയാർ തുടങ്ങിയ മേഖലകളിൽ ഇപ്പോൾ ടൂറിസ്റ്റുകൾക്ക് വന്യമൃഗങ്ങളെ കാണാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യമില്ല. എന്നാൽ പറമ്പിക്കുളം, ആളിയാർ പ്രദേശങ്ങളിൽ ടൂറിസ്റ്റുകൾക്ക് വന്യമൃഗങ്ങളെ കാണാനുള്ള സൗകര്യങ്ങളൊക്കെയുണ്ട്. അതുകൊണ്ട് ഈ മേഖലയിൽ ടൂറിസ്റ്റുകൾക്ക് വന്ന് വന്യമൃഗങ്ങളെ കാണാനുള്ള സൗകര്യങ്ങളുണ്ടാക്കുകയും അവിടത്തെ 10 ആണക്കെട്ടുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് തേക്കടിയെപ്പോലെ ടൂറിസ്റ്റുകൾക്ക് വേണ്ട സൗകര്യങ്ങളേർപ്പെടുത്തി കൊടുക്കാൻ വേണ്ടതായ നടപടി സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഇക്കോ ടൂറിസം പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതോടുകൂടി ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. കെ. ബാബു : സർ, ഇവിടെ ഇക്കോ ടൂറിസത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. കേന്ദ്രഗവൺമെന്റിൽനിന്ന് ഇക്കോ ടൂറിസം വികസനത്തിനുവേണ്ടി പണം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്ര കണ്ട് ഉപയോഗിച്ചു എന്ന് വ്യക്തമാക്കുമോ? അതുപോലെ തന്നെ എലിഫന്റ് പ്രോജക്ട് സ്കീം ഇപ്പോൾ ഉണ്ടോ എന്നകാര്യംകൂടി വ്യക്തമാക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഇക്കോ ടൂറിസത്തിനുവേണ്ടിയുള്ള പദ്ധതി തയ്യാറാക്കി വരുന്നതേയുള്ളൂ. പിന്നെ എലിഫന്റ് പ്രോജക്ട് സ്കീം ഇപ്പോൾ നിലവിലുണ്ട്.

ശ്രീ. ടി. നാണുമാസ്റ്റർ : സർ, കടുവ, കരടി, കാട്ടുപോത്ത് എന്നുപറഞ്ഞുകൊണ്ട് അതിന്റെ പിന്നാലെ ആളുകൾ പോവുകയാണ്. എന്നാൽ വനസമ്പത്ത് സംരക്ഷിക്കുന്ന കാര്യത്തിൽ വളരെയേറെ സേവനമനുഷ്ഠിക്കുന്നവരാണ് വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആദിവാസികൾ. അവർക്ക് കാട്ടുമൃഗങ്ങളിൽനിന്നും ശല്യമുണ്ടാകാറുണ്ടെന്ന കാര്യം നമുക്കൊക്കെ അറിയാവുന്നതാണ്. ഈ വസ്തുത കണക്കിലെടുത്ത് ഫോറസ്ട്രി പ്രോജക്ടിൽ അവരുടെ സംരക്ഷണ നടപടികൾക്കുവേണ്ടിയുള്ള എന്തെങ്കിലും പരിപാടി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യത്തിലെ ഗൗരവം കണക്കിലെടുത്ത് അവരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൂടി ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഫോറസ്ട്രി പ്രോജക്ടിൽ അവരുടെ സംരക്ഷണത്തിനുവേണ്ടിയുള്ള ചില വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. ജനപങ്കാളിത്തത്തോടുകൂടിയുള്ള വനപരിപാലനമാണ് ഫോറസ്ട്രി പ്രോജക്ടിൽ ഒന്ന്. ഈ പദ്ധതിയിൽ ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണം വിഭാവനചെയ്തിട്ടുണ്ട്. മുഖ്യമായും വനാതിർത്തിക്കുള്ളിൽ ഉള്ളതായ വനഭാഗങ്ങളുടെ പരിപാലനം, വനവിഭവങ്ങളുടെ മിതോപയോഗം എന്നിവ വനസംരക്ഷണ സമിതി മുഖേനയാണ് നടപ്പിലാക്കാനായി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനുവേണ്ടി ആദിവാസികൾ, വനാതിർത്തി പ്രദേശങ്ങളിലെ താമസക്കാർ, തദ്ദേശ ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, വനസംരക്ഷണ ഉദ്യോഗസ്ഥൻമാർ എന്നിവർ ഉൾപ്പെട്ട വനസംരക്ഷണ സമിതി രൂപീകരിക്കുവാനും മേല്പറഞ്ഞ പ്രവർത്തനങ്ങൾ ഈ സമിതി മുഖേന നടപ്പാക്കാനുമുള്ള നിർദ്ദേശങ്ങളടങ്ങുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 86 ഗ്രാമങ്ങളിൽ നടപ്പിലാക്കുന്ന ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ സമാരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. വേണ്ടിവന്നാൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാനും സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇപ്പോൾ വനമില്ല, വനത്തിനുപകരം തേയിലയാണ് വനപ്രദേശങ്ങളിൽ കാണുന്നത്.

ശ്രീ. എ.കെ. മണി : സർ, ഇവിടെ കണാരേട്ടൻ ഒരു ചോദ്യം ചോദിച്ചു കൊണ്ടുപറഞ്ഞു, കടലിന്റെ മക്കൾക്ക് ഇഷ്ടം പോലെ കടലിൽപ്പോയി മൽസ്യം പിടിക്കാം. പക്ഷേ വനത്തിൽ താമസിക്കുന്ന വനത്തിന്റെ മക്കളായ ആദിവാസികൾക്ക് വനവിഭവങ്ങൾ ശേഖരിക്കുന്നതിന് അനുവാദമില്ലാത്ത അവസ്ഥയാണുള്ളതെന്ന്. വനത്തിൽ താമസിക്കുന്ന കാടിന്റെ മക്കളായ ആദിവാസികൾ ഈ ഗവൺമെന്റിന്റെ കാലത്ത് വളരെയധികം ബുദ്ധിമുട്ടുകയാണ്. വനവൽക്കരണം എന്നപേരിൽ സോഷ്യൽ ഫോറസ്ട്രിയുടെ ഒരു സ്കീമുണ്ട്. അതിന്റെ മറവിൽ ആദിവാസികളുടെ സ്ഥലം മുഴുവൻ സോഷ്യൽഫോറസ്ട്രിയുടെ പേരിൽ അവരിൽനിന്ന് പിടിച്ചെടുക്കുകയും ഫോറസ്റ്റുവകുപ്പുദ്യോഗസ്ഥന്മാർ അവരെ പീഡിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ആദിവാസികൾ കൂടുതലുള്ളത് എന്റെ നിയോജകമണ്ഡലത്തിലാണ്. അവിടെയുള്ള ആദിവാസികളെ ഫോറസ്റ്റ് വകുപ്പുദ്യോഗസ്ഥൻമാർ ഉപദ്രവിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞമാസം അവിടെ ഒരു സമരമുണ്ടായി. നാളെ ഇതുസംബന്ധിച്ച് എന്റെ ഒരു സബ്മിഷൻ ഈ സഭയിൽ വരുന്നുണ്ട്. ആദിവാസികളുടെ ഭൂമി സോഷ്യൽഫോറസ്ട്രിയുടെ പേരിൽ ഫോറസ്റ്റ് വകുപ്പിന് ഏറ്റെടുക്കേണ്ട ആവശ്യമില്ല. വനവൽക്കരണത്തിന്റെ പേരിൽ കോടികളുടെ വെട്ടിപ്പ് നടത്തുകയും ആദിവാസികളെ പീഡിപ്പിക്കുകയും അവരുടെ ഭൂമി ഏറ്റെടുക്കുകയും ചെയ്യുന്ന നടപടി ഗവൺമെന്റ് നിർത്തലാക്കുമോ; അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : വനസംരക്ഷണത്തിന്റെ പേരിൽ ആവശ്യമില്ലാതെ ആദിവാസികളെ പീഡിപ്പിക്കുന്ന സംഭവമുണ്ടായാൽ അതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സത്യൻ മൊകേരി : കോഴിക്കോട്ടുജില്ലയിലെ ഒരു പ്രധാനപ്പെട്ട വനമേഖലയാണ് ആക്കിലിടം, കീരോത്തുകുളം, പെരുവണ്ണാമൂഴി മേഖലകൾ. കർണ്ണാടകവുമായി ബന്ധപ്പെട്ടിട്ടുള്ള, ആനകളുടെ ആവാസകേന്ദ്രമായ ജൈവ വൈവിദ്ധ്യങ്ങൾ നിറഞ്ഞിട്ടുള്ള പ്രദേശങ്ങളാണവ. ഈ പ്രദേശങ്ങളിൽ നിന്ന് വ്യപകമായി മരംവെട്ടിയതായും ഇപ്പോൾ വെട്ടിക്കൊണ്ടിരിക്കുന്നതായും പറയുന്ന റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതുസംബന്ധമായി പ്രത്യേകിച്ച് ആക്കിലിടം വനഭൂമി സംബന്ധമായി നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി സമർപ്പിച്ചിരുന്ന റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; സെക്ഷൻ-5 അനുസരിച്ച് നോട്ടിഫൈ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ശുപാർശകൾ ഗവൺമെന്റ് ഉടനേ അംഗീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ആ പ്രദേശങ്ങളിൽനിന്നും ചില ആക്ഷേപങ്ങൾ ഉണ്ടായിരുന്നു. അതുസംബന്ധിച്ച് പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നേരത്തെ തന്നെ സെക്ഷൻ-5 അനുസരിച്ച് ആ പ്രദേശം നോട്ടിഫൈ ചെയ്യേണ്ടതായിരുന്നു. ഇത്തരം ചില കേസ്സുകളിൽ സമയത്ത് സെക്ഷൻ-5 അനുസരിച്ചുള്ള നോട്ടിഫിക്കേഷൻ നടക്കാതെ പോയിട്ടുണ്ട്. സെക്ഷൻ-5 നോട്ടിഫിക്കേഷനുവേണ്ടി മുമ്പ് വന്ന ചില ഫയലുകളിൽ തക്ക

LIBRARY ARCHIVES Kerala Legislative Assembly

സമയത്ത് ഉത്തരവ് നല്കാതെ പോയ കേസ്സുകളുണ്ട്. ഉടൻതന്നെ അക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്.

മി. സ്പീക്കർ : യേസ്, ചോദ്യം 208, ശ്രീ. സി.ടി. അഹമ്മദ് അലി, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി.

2 (*208) ലോട്ടറി നിരോധനം

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻ കുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറികൾ നിരോധിക്കുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനം എടുത്തതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ലോട്ടറി നിരോധിക്കുന്നതിന് സർക്കാരിന് ഉദ്ദേശ്യമുണ്ടോ;

(സി) ലോട്ടറിയിലൂടെ 1997-98, 1998-99 എന്നീ വർഷങ്ങളിൽ സംസ്ഥാന സർക്കാരിന് എത്രകോടി രൂപ ലാഭം ലഭിച്ചിട്ടുണ്ട്;

(ഡി) ലോട്ടറി നിരോധിക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) 1997-98-ൽ 12,25,01,120 രൂപ, 1998-1999-ൽ 15,53,32,001 രൂപ.

(ഡി) സംസ്ഥാന ലോട്ടറി നിരോധിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, സംസ്ഥാനത്ത് ഒറ്റ നമ്പർ ലോട്ടറി ടിക്കറ്റ് വ്യാപകമായി വിറ്റഴിച്ചു എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഒറ്റ നമ്പർ ലോട്ടറികൾ നടത്തുന്നത് കുറേ വർഷങ്ങളായി ഇവിടെ നടന്നുവരുന്നതാണ്. ഇപ്പോഴും ഉണ്ട്, അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിടത്തൊക്കെ കേസ് എടുത്തിട്ടുണ്ട്, നിരോധിച്ചിട്ടുണ്ട്.

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, സർക്കാരിന്റെ അനുവാദം ഇല്ലാത്ത ചെറിയ ചെറിയ ലോട്ടറി ടിക്കറ്റുകളും കൂടാതെ വ്യാജ ലോട്ടറി ടിക്കറ്റുകളും വ്യാപകമായി സംസ്ഥാനത്ത് പ്രചാരത്തിലുണ്ട്. ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും, ആരുടെ പേരിലെല്ലാം കേസ്സ് എടുത്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly